## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 199 — 08/02/2016-ൽ മറുപടി നൽകേണ്ടിയിരുന്നത്

### അട്ടപ്പാടിയിലെ പ്രശ്നങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി | |
| എ) | അട്ടപ്പാടിയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2015 ൽ എത്ര യോഗങ്ങൾ ചേർന്നുവെന്ന് വ്യക്തമാക്കുമോ ; | എ), ബി) & സി) | അട്ടപ്പാടിയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പലതവണ യോഗങ്ങൾ ചേർന്നിരുന്നു. പ്രസ്തുത യോഗങ്ങളുടെയെല്ലാം മിനിട്ട്സ് ഈ വകുപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അട്ടപ്പാടിയിലെ മുഴുവൻ ആദിവാസികൾക്കും മൂന്നു മാസത്തിനകം ഭൂമി നൽകണമെന്നതും, അട്ടപ്പാടിയിൽ പ്ലസ് വണ്ണിന് പ്രവേശനം ലഭിക്കാത്ത എല്ലാ ആദിവാസി കുട്ടികൾക്കും പ്രത്യേക സർക്കാർ ഉത്തരവിലൂടെ പ്രവേശനം നൽകുക, എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ അട്ടപ്പാടിയ്ക്കായി തയ്യാറാക്കിയ "സീറോ ഹംഗർ ഇൻ ട്രൈബൽ ഹാബിറ്റാറ്റ്സ്" എന്ന പദ്ധതിയ്ക്കായി ഒരു ഉപസമിതിയെ ചുമതലപ്പെടുത്തുക, പ്രസ്തുത സമിതിയിൽ പട്ടികവർഗ്ഗ ക്ഷേമം, ധനകാര്യം, പ്ലാനിംഗ്, ജലവിഭവ-വകുപ്പുകളുടെ സെക്രട്ടറിമാർ, ഒറ്റപ്പാലം സബ് കളക്ടർ, എന്നിവരെ അംഗങ്ങളാക്കുക, അട്ടപ്പാടിയിൽ ഗോതമ്പിനു പകരം റാഗി സ്ഥിരമായി വിതരണം ചെയ്യുന്നതിനുള്ള സാധ്യത ആരായുക, എന്നിവയാണ് യോഗത്തിലെ തീരുമാനങ്ങൾ. |
| ബി) | പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | | |
| സി) | ഈ യോഗങ്ങളുടെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ